# ഉയിർപ്പുതിരുനാൾ

## കർമ്മക്രമം

കാർമികനും ശുശ്രൂഷികളും സഹായികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങളിഞ്ഞ്, കുർബാനക്രമത്തിൽ നിർദേശിച്ചിരിക്കുന്നതുപോലെ, പ്രദക്ഷിണമായി വചനവേദിയിൽ (ബേമ്മ) / പ്രത്യേകം ഒരുക്കിയിരിക്കുന്ന സ്ഥലത്ത് വന്നു ജനാഭിമുഖമായി നില്ക്കുന്നു.

**കാർമി.** **അന്നാപ്പെസഹാത്തിരുനാളിൽ**
**കർത്താവരുളിയ കല്പനപോൽ**
**തിരുനാമത്തിൽച്ചേർന്നീടാം**
**ഒരുമയൊടീബലിയർപ്പിക്കാം.**

**സമൂ.** **അനുരഞ്ജിതരായ്ത്തീർന്നീടാം**
**നവമൊരു പീഠമൊരുക്കീടാം**
**ഗുരുവിൻ സ്നേഹമൊടീയാഗം**
**തിരുമുമ്പാകെയണച്ചീടാം.**

**കാർമി.** **അത്യുന്നതമാം സ്വർല്ലോകത്തിൽ**
**സർവേശനു സ്തുതിഗീതം. (3)**

**സമൂ.** **ഭൂമിയിലെന്നും മർത്ത്യനു ശാന്തി**
**പ്രത്യാശയുമെന്നേക്കും. (3)**

(അല്ലെങ്കിൽ)

**കാർമി.** **അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)**

**സമൂ.** **ആമ്മേൻ. (3)**

**കാർമി.** **ഭൂമിയിൽ മനുഷ്യർക്കു സമാധാനവും**
**പ്രത്യാശയും എപ്പോഴും എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

**കാർമി.** **സ്വർഗസ്ഥിതനാം താതാ, നിൻ**
**നാമം പൂജിതമാകണമേ**
**നിൻ രാജ്യം വന്നീടണമേ**
**പരിശുദ്ധൻ നീ പരിശുദ്ധൻ.**

സമൂ. സ്വർഗസ്ഥിതനാം താതാ, നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്വങ്ങൾ
താവകമല്ലോ കർത്താവേ,
ആമ്മേനാമ്മേനെന്നേക്കും.

കാർമി. താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

സമൂ. സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ, നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

കാർമി. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമ്മി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമ്മി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമ്മി.** ഞങ്ങളുടെ കർത്താവായ മിശിഹായേ, മരണത്തെ പരാജയപ്പെടുത്തി ഞങ്ങൾക്കു ജീവൻ പ്രദാനംചെയ്ത നിന്റെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. നിന്റെ ഉത്ഥാനരഹസ്യം ആഘോഷിക്കുന്നതിനും, അതിന്റെ ദിവ്യഫലങ്ങൾ അനുഭവിക്കുന്നതിനും ഞങ്ങളെ ഒരുമിച്ചുകൂട്ടിയതിന് ഞങ്ങൾ നന്ദി പറയുന്നു. അജ്ഞതയുടെ അന്ധകാരത്തിൽനിന്നു മോചിതരും പാപത്തിന്റെ ബന്ധനങ്ങളിൽനിന്നു സ്വതന്ത്രരുമായി ഉത്ഥാനത്തിന്റെ സൗഭാഗ്യത്തിൽ പ്രവേശിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതാപൂർവം പരികർമം ചെയ്യാൻ ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സങ്കീർത്തനങ്ങൾ 46, 47, 48

(തൂയൈ ... / കർത്താവേ, മമരാജാവേ ...)

**കാർമ്മി.** ബലവാനാകും സകലേശൻ
നമ്മോടൊത്തു വസിക്കുന്നു
യാക്കോബിൻ പരിപാലകനാം
ദൈവം നമ്മുടെയവലംബം.

**സമൂ.** കർത്താവീശോ മിശിഹായേ,
മഹനീയം നിന്നുത്ഥാനം
ആനന്ദിക്കുന്നിവരെല്ലാം
നിൻ തിരുനാമം വാഴ്ത്തുന്നു.

കരഘോഷങ്ങൾ മുഴക്കിടുവിൻ
തിരുസന്നിധിയിൽ ജനതകളേ,
ദൈവത്തിൻ തിരുഭവനത്തിൽ
കീർത്തനമെന്നുമുയർത്തിടുവിൻ.

കർത്താവുന്നതനാകുന്നു
സ്തുത്യർഹൻ തൻ നഗരത്തിൽ
ജനതയ്ക്കെല്ലാമധിനാഥൻ
നിത്യം വാഴ്വൂ ത്രോണോസിൽ.

നമ്മുടെ ദൈവമവൻ മാത്രം
തലമുറതോറുമിതറിയിപ്പിൻ
മൃതിതൻ സീമയ്ക്കപ്പുറവും
നമ്മെ നയിക്കും നാഥനവൻ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

**കാർമി.** ശക്തനായ കർത്താവു നമ്മോടുകൂടെ;
യാക്കോബിന്റെ ദൈവം നമ്മുടെ സഹായകനും.

**സമൂ.** (കാനോന) ഉയിർത്തെഴുന്നേറ്റ കർത്താവേ,
അവിടത്തെ ഉത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കുന്നു.

**കാർമി.** ജനതകളേ, കരഘോഷം മുഴക്കുവിൻ.
കീർത്തനംപാടി ദൈവത്തെ സ്തുതിക്കുവിൻ.

**സമൂ.** ദൈവം ജനതകളുടെമേൽ വാഴുന്നു;
വിശുദ്ധ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നു.

**കാർമി.** ദൈവമാണു ഭൂമിയുടെ അധിനാഥൻ;
അവിടന്നാണു മഹോന്നതൻ.

**സമൂ.** നമ്മുടെ കർത്താവ് ഉന്നതനാകുന്നു;
ദൈവത്തിന്റെ നഗരത്തിൽ
അത്യന്തം സ്തുത്യർഹനാകുന്നു.

കാർമി. വരുംതലമുറയോട് ഉണർത്തിക്കാൻവേണ്ടി
അതിന്റെ കോട്ടകൾ നിരീക്ഷിക്കുവിൻ.

സമൂ. അവിടന്നാണു ദൈവം, എന്നേക്കുമുള്ള നമ്മുടെ ദൈവം;
മരണത്തിനതീതമായി
അവിടന്നു നമ്മെ നയിച്ചുകൊണ്ടിരിക്കും.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ഉയിർത്തെഴുന്നേറ്റ കർത്താവേ,
അവിടത്തെ ഉത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കുന്നു.

ശുശ്രൂ. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. ലോകരക്ഷകനായ മിശിഹായേ, ലോകം മുഴുവൻ നിന്റെ സമാധാനത്താൽ നിറയട്ടെ. നിന്റെ പരിശുദ്ധമായ സ്ലീവായാൽ നിന്റെ സഭയെ ശക്തിപ്പെടുത്തുകയും അവളുടെ സന്താനങ്ങളെ നിന്റെ കൃപയാൽ സംരക്ഷിക്കുകയും ചെയ്യണമേ. ഞങ്ങൾ എല്ലാ സമയവും സഭയിൽ നിനക്ക് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദൈവാലയത്തിനു പുറത്തുവച്ചാണ് തിരുക്കർമങ്ങൾ ആരംഭിച്ചതെങ്കിൽ ഇപ്പോൾ ദൈവാലയത്തിൽ പ്രവേശിക്കുന്നു.

പ്രധാന കവാടത്തിങ്കലെത്തുമ്പോൾ, കാർമികൻ വാതിലിൽ മുട്ടാനുള്ള കുരിശ് കൈയിൽ പിടിച്ചുകൊണ്ട് താഴെവരുന്ന ഭാഗം ചൊല്ലുന്നു.

കാർമി. വാതിലുകളേ, ശിരസ്സുയർത്തുവിൻ;
നിത്യകവാടങ്ങളേ, തുറക്കുവിൻ;
മഹത്ത്വത്തിൻ രാജാവെഴുന്നള്ളുന്നു;
നിത്യവെളിച്ചത്തിൻ രാജാവെഴുന്നള്ളുന്നു.

കുരിശുകൊണ്ട് വാതിൽക്കൽ മുട്ടുന്നു.

അകത്തുള്ളവർ: മഹത്ത്വത്തിൻ രാജാവാരാകുന്നു?
ഈ വെളിച്ചത്തിൻ രാജാവാരാകുന്നു?

രണ്ടാം പ്രാവശ്യവും മുട്ടുന്നു.

**കാർമി.** സൈന്യത്തിൻ കർത്താവെഴുന്നള്ളുന്നു;
ലോകനായകനാം നാഥനെഴുന്നള്ളുന്നു.

മൂന്നാം പ്രാവശ്യവും മുട്ടുന്നു. വാതിൽ തുറക്കുന്നു.
എല്ലാവരും ദൈവാലയത്തിൽ പ്രവേശിക്കുന്നു.

തുടർന്ന് ഗായകസംഘവും സമൂഹവുംചേർന്ന് താഴെവരുന്ന ഗീതം ആലപിക്കുന്നു.

## ഗീതം

ഉന്നതവാനിടമേ
വാതിൽ തുറക്കുക നീ
മംഗളദീപവുമായ്
മന്നവനണയുന്നു. ഉന്നത ...

നിത്യമനോഹരനാം
നിർമല ദൈവസുതൻ
വെള്ളിവെളിച്ചത്തിൽ
മുങ്ങിവിളങ്ങുന്നു. ഉന്നത ...

പൊട്ടിയ ബന്ധത്തിൻ
കണ്ണികൾ കൂടുന്നു:
വിണ്ടലമവനിയുമായ്
വീണ്ടുമിണങ്ങുന്നു. ഉന്നത ...

വചനവേദി (ബേമ്മ)യിൽ എത്തിക്കഴിയുമ്പോൾ [മദ്ബഹഗീതത്തെത്തുടർന്ന്] ഉയിർപ്പിന്റെ ഗീതം ആലപിക്കുന്നു.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക.I കർത്താവു ഭരണം നടത്തുന്നു; ഭൂമിയെല്ലാം ആനന്ദിക്കട്ടെ.
ജനമേ, നിങ്ങൾ ആശ്വാസമൊടെ ആനന്ദിച്ചീടിൻ.
മൃത്യുവിനപജയമേറ്റി മിശിഹാ തൻ സഹനത്താൽ
ഉത്ഥാനത്താൽ നാഥൻ നല്കുകയായ് നിങ്ങൾക്കായ്
ശാശ്വതമാകും ജീവൻ ഉന്നതമാം വാഗ്ദാനം
നാശോന്മുഖനാം മർത്ത്യന്നുയിരേകും നാഥനെ വാഴ്ത്തീടാം.

ഗായക.II ആഹ്ലാദിക്കുവിൻ, ആലപിക്കുവിൻ, പുകഴ്ത്തുവിൻ.
ജനമേ, നിങ്ങൾ ആശ്വാസമൊടെ ആനന്ദിച്ചീടിൻ.
മൃത്യുവിനപജയമേറ്റി മിശിഹാ തൻ സഹനത്താൽ
ഭൂസ്വർഗങ്ങളിലൊരുപോൽ ആനന്ദം നിറയുകയായ്
വാനവരെല്ലാമൊന്നായ് ഒരുഗണമായ് മോദമൊടെ
ഉദ്ഘോഷിക്കുന്നീശോ ഉത്ഥിതനായ് ഹല്ലേലുയ്യാ.

ഗായക.I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
രക്ഷകനേ, നിൻ ആശീർവാദം ചൊരിയണമെന്നാളും
നിൻ കൃപയിവരിൽ നിത്യം നിവസിക്കാൻ കനിയേണം.
നിൻ പ്രീതിക്കായ്മാത്രം നിലകൊള്ളും ദൂതർപോൽ
സ്നേഹത്തികവിൽ പുലരാൻ ദൈവികമാം ശക്തി സദാ
അലിവോടിവരിൽ നാഥാ, അനുദിനവും വർഷിച്ചീടേണം.

## ഉയിർപ്പിന്റെ ഗീതം

(ഉന്നത വാനിടമേ ...)

ഗായക. നിനക്കു ഞാൻ സമാധാനം ആശംസിക്കും.

സമൂ. ദൈവത്തിൻ ജനമേ, ശാന്തിയിൽ മുങ്ങിടുവിൻ
ഉത്ഥിതനായല്ലോ മിശിഹാ ശാന്തിയുമായ്.

ഗായക. നീതിമാന്മാർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു.

സമൂ. നിത്യവെളിച്ചമിതാ പാരിലുദിച്ചല്ലോ
ദൈവത്തിൻ തനയൻ സത്യവെളിച്ചംതാൻ.

ഗായക. ഭൂമിയിൽ എങ്ങും ആഹ്ലാദം.

സമൂ. തിരുവുത്ഥാനത്തിൽ സൃഷ്ടികൾ മോദിപ്പൂ,
കാരണമതുവഴിനാം അനുരഞ്ജിതരായി.

ഗായക. ഇപ്പോൾ മുതൽ എന്നേക്കും.

സമൂ. ഉത്ഥാനംവഴിയായ് പാപവിമോചനവും
മൃതിയിൽ ജീവനുമാ നാഥൻ നല്കുകയായ്.

ഗായക. എന്നും എന്നേക്കും.

സമൂ. സാത്താൻ കദനത്താൽ തേങ്ങുന്നനുനിമിഷം,
ഉത്ഥാനംവഴിയായ് സഭയോ മോദിപ്പൂ.

ഗായക. തന്റെ ശക്തി പ്രാപിക്കുന്നതിനുവേണ്ടി.

സമൂ. മൃത്യുകുടീരത്തിൽനിന്നവനുത്ഥിതനായ്
സൃഷ്ടിഗണത്തിൽത്തൻ ശാന്തി വിതയ്ക്കുകയായ്.

ഗായക. നമ്മുടെ രാജാവായ ദൈവത്തിനു സ്തുതികളാലപിക്കുവിൻ.

സമൂ. രാജാവാം മിശിഹായ്ക്കെന്നും സ്തുതിപാടാം,
തൻ ജനനിരകൾക്കായ് രക്ഷപകർന്നീശൻ.

ഗായക. വരുവിൻ, നമുക്ക് അവനിൽ സന്തോഷിച്ചുല്ലസിക്കാം.

സമൂ. സഭയുടെയുന്നതമാം തിരുനാൾദിനമല്ലോ
നാഥൻ നല്കിടുമീ ഒരുമ നിനച്ചീടാം.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നു പ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കാനും മഹത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

മദ്ബഹയുടെ വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്.

**ഗായക. സമൂ.** സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

വചന വേദിയിലുള്ളവർ കർത്താവു ഭരണം നടത്തുന്നു;
ഭൂമിമുഴുവൻ ആനന്ദിക്കട്ടെ. (സങ്കീ. 97, 1)

സർവാധിപനാം ...

ഗായക. സമൂ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സർവാധിപനാം ...

(അല്ലെങ്കിൽ)

ഗായക. സമൂ. സകലത്തിന്റെയും നാഥാ,
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

വചന വേദിയിലുള്ളവർ കർത്താവു ഭരണം നടത്തുന്നു;
ഭൂമിമുഴുവൻ ആനന്ദിക്കട്ടെ. (സങ്കീ. 97, 1)

സകലത്തിന്റെയും നാഥാ, ...

ഗായക. സമൂ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

ഗായക. പരിപാവനനാം സർവേശാ,
സമൂ. പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

വചന വേദിയിലുള്ളവർ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിപാവനനാം സർവേശാ, ...

ഗായക. ആദിമുതൽ എന്നേക്കും, ആമ്മേൻ.
സമൂ. പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

ഗായക. പരിശുദ്ധനായ ദൈവമേ,
സമൂ. പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

വചന വേദിയിലുള്ളവർ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധനായ ദൈവമേ, ...

ഗായക ആദിമുതൽ എന്നേക്കും, ആമ്മേൻ.
സമൂ. പരിശുദ്ധനായ ദൈവമേ, ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

സമൂഹം ഇരിക്കുന്നു.

ഏശയ്യായുടെ പുസ്തകത്തിൽനിന്നുള്ള വായന. (60, 1–7)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** ഉണർന്നു പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്ത്വം നിന്റെമേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജനതകളെയും മൂടും. എന്നാൽ, കർത്താവ് നിന്റെമേൽ ഉദിക്കുകയും അവിടത്തെ മഹത്ത്വം നിന്നിൽ ദൃശ്യമാവുകയും ചെയ്യും. ജനതകൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും. കണ്ണുകളുയർത്തി ചുറ്റും നോക്കിക്കാണുക; അവർ ഒരുമിച്ചുകൂടി നിന്റെ അടുത്തേക്കു വരുന്നു. നിന്റെ പുത്രന്മാർ ദൂരെനിന്നു വരും; പുത്രിമാർ കരങ്ങളിൽ സംവഹിക്കപ്പെടും. ഇതെല്ലാം ദർശിച്ച് നീ തേജസ്വിനിയാകും. സമുദ്രത്തിലെ സമ്പത്ത് നിന്റെ അടുക്കൽ കൊണ്ടുവരുകയും ജനതകളുടെ ധനം നിനക്കു ലഭിക്കുകയും ചെയ്യുമ്പോൾ നിന്റെ ഹൃദയം ആനന്ദപുളകിതമാകും. ഒട്ടകങ്ങളുടെ ഒരു പറ്റം, മിദിയാനിലെയും ഏഫായിലെയും ഒട്ടകക്കൂറ്റന്മാരുടെ കൂട്ടം, നിന്നെ മറയ്ക്കും. ഷേബായിൽനിന്നുള്ളവരും വരും. അവർ സ്വർണവും സുഗന്ധദ്രവ്യങ്ങളും കൊണ്ടുവരുകയും കർത്താവിന്റെ കീർത്തനം ആലപിക്കുകയും ചെയ്യും. കേദാറിലെ ആട്ടിൻപറ്റങ്ങളെ നിന്റെ അടുക്കൽ കൊണ്ടുവരും. നെബായോത്തിലെ മുട്ടാടുകളെ നിനക്കു ലഭിക്കും. സ്വീകാര്യമാംവിധം അവ എന്റെ ബലിപീഠത്തിൽ വരും. എന്റെ ശ്രേഷ്ഠമായ ആലയത്തെ ഞാൻ മഹത്ത്വപ്പെടുത്തും.

(അല്ലെങ്കിൽ)

എസെക്കിയേൽ 37, 1–10

## രണ്ടാം വായന

ശുശ്രൂ. **സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. സാമുവേലിന്റെ ഒന്നാം പുസ്തകത്തിൽനിന്നുള്ള വായന.**

**(2, 1–10)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ശുശ്രൂഷി ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

കാർമി. **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

ശുശ്രൂ. **ഹന്നാ ഇങ്ങനെ പ്രാർഥിച്ചു: എന്റെ ഹൃദയം കർത്താവിൽ ആനന്ദിക്കുന്നു. എന്റെ ശിരസ്സ് കർത്താവിൽ ഉയർന്നിരിക്കുന്നു. എന്റെ അധരം ശത്രുക്കളെ പരിഹസിക്കുന്നു. എന്തെന്നാൽ, അവിടത്തെ രക്ഷയിൽ ഞാൻ ആനന്ദിക്കുന്നു. കർത്താവിനെപ്പോലെ പരിശുദ്ധനായി മറ്റാരുമില്ല. കർത്താവല്ലാതെ മറ്റാരുമില്ല. നമ്മുടെ ദൈവത്തെപ്പോലെ സുസ്ഥിരമായ ഒരു ആശ്രയമില്ല. അഹന്തയോടെ മേലിൽ സംസാരിക്കരുത്. നിന്റെ നാവിൽനിന്നു ഗർവ് പുറപ്പെടാതിരിക്കട്ടെ. കാരണം, കർത്താവ് സർവജ്ഞനായ ദൈവമാണ്. പ്രവൃത്തികളെ വിലയിരുത്തുന്നത് അവിടന്നാണല്ലോ. വീരന്മാരുടെ വില്ലുകൾ തകരുന്നു. ബലഹീനരാകട്ടെ, ശക്തിപ്രാപിക്കുന്നു. സുഭിക്ഷം അനുഭവിച്ചിരുന്നവർ ആഹാരത്തിനായി കൂലിപ്പണി ചെയ്യുന്നു. വിശപ്പ് അനുഭവിച്ചിരുന്നവർ സംതൃപ്തി അടയുന്നു. വന്ധ്യ ഏഴു പ്രസവിക്കുന്നു. സന്താനസമ്പത്തുള്ളവൾ നിരാലംബയാകുന്നു. കർത്താവ് ജീവൻ എടുക്കുകയും കൊടുക്കുകയും ചെയ്യുന്നു. അവിടന്നു പാതാളത്തിലേക്കിറക്കുകയും അവിടെ**

നിന്നു കയറ്റുകയും ചെയ്യുന്നു. ദരിദ്രനും ധനികനും ആക്കുന്നതു കർത്താവാണ്. താഴ്ത്തുന്നതും ഉയർത്തുന്നതും അവിടന്നുതന്നെ. ദരിദ്രനെ അവിടന്നു ധൂളിയിൽനിന്ന് ഉയർത്തുന്നു. അഗതിയെ കുപ്പയിൽനിന്നു സമുദ്ധരിക്കുന്നു. അങ്ങനെ അവരെ പ്രഭുക്കന്മാരോടൊപ്പം ഇരുത്തി, ഉന്നത സ്ഥാനങ്ങൾക്ക് അവകാശികളാക്കുന്നു. ഭൂമിയുടെ അടിത്തൂണുകൾ കർത്താവിന്റേതാണ്. അതിന്മേൽ അവിടന്ന് ലോകത്തെ ഉറപ്പിച്ചിരിക്കുന്നു. തന്റെ വിശ്വസ്തരുടെ പാദങ്ങളെ അവിടന്നു കാക്കുന്നു. ദുഷ്ടന്മാർ അന്ധകാരത്തിൽ ഉപേക്ഷിക്കപ്പെടുന്നു. ശക്തിയാൽ ആരും പ്രബലനാകുന്നില്ല. കർത്താവ് പ്രതിയോഗികളെ ഛിന്നഭിന്നമാക്കുന്നു. അവർക്കെതിരേ ആകാശത്തിൽ ഇടിമുഴക്കുന്നു. അവിടന്ന് ഭൂമിയെ മുഴുവൻ വിധിക്കും. തന്റെ രാജാവിനു ശക്തി കൊടുക്കും. തന്റെ അഭിഷിക്തന്റെ ശിരസ്സ് ഉയർത്തും.

(അല്ലെങ്കിൽ)

**യോനാ 2, 1–10**

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

**ശുശ്രൂ.** പ്രകീർത്തനം ആലപിക്കാനായി
നിങ്ങൾ എഴുന്നേല്ക്കുവിൻ.

## പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

**കാർമി.** നാഥാ, സകലേശാ,
പാതാളത്തിൽ നീ
കൈവിട്ടില്ലന്നെ.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിന്നുത്ഥാനത്തിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

**ശുശ്രൂ.II** നിന്നുടെ പരിശുദ്ധൻ
മണ്ണിൽ വീണഴിയാൻ
ഇടയാവുകയില്ല.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമി.** നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ.II** ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും, ആമ്മേൻ.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## വ്യാഖ്യാനഗീതം (തുർഗാമ)

(തൂയൈ)

ദൈവികമാം പരിപാലനയിൽ
ദിവ്യവിരുന്നിനണഞ്ഞീടാൻ
കാത്തുവസിക്കും മാനവരേ,
ഭീതികളൊക്കെയകറ്റിടുവിൻ.

ദൈവികവചനവെളിച്ചത്തിൽ
ഹൃദയം നിർമ്മലമാക്കിടുവിൻ
സ്വർഗം നേടാൻ ചിരകാലം
പൈതങ്ങൾപോലായിടുവിൻ.

ആത്മാവിൻ സ്വരവീചികളാൽ
സ്വർഗമഹത്വമറിഞ്ഞിടുവിൻ,
നിത്യാനന്ദം നേടീടാൻ
വിഥി തുറന്നുതരും ദൈവം.

പൗലോസിൻ പരിപൂജിതമാം
സത്യവചസ്സുകൾ കേൾക്കാം നാം
റോമാക്കാർക്കന്നെഴുതിയൊരാ
ലേഖനമിന്നു ശ്രവിച്ചിടാം.

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണപീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്കഭിമുഖമായി നിന്നു പറയുന്നു.

**ശുശ്രൂ.** സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം. (5, 20 – 6, 23)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്നു തന്റെ കൃപാതിരേകത്താൽ നിന്നെ നിർമലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.

(അല്ലെങ്കിൽ)

മിശിഹാ ✠ അനുഗ്രഹിക്കട്ടെ.

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** പാപം വർധിപ്പിക്കാൻ നിയമം രംഗപ്രവേശം ചെയ്തു; എന്നാൽ, പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു. അങ്ങനെ, പാപം മരണത്തിലൂടെ ആധിപത്യം പുലർത്തിയതുപോലെ, കൃപ നീതിവഴി നമ്മുടെ കർത്താവായ ഈശോയിലൂടെ നിത്യജീവനിലേക്കു നയിക്കാൻ ആധിപത്യം പുലർത്തും.

അപ്പോൾ നാം എന്താണു പറയേണ്ടത്? കൃപ സമൃദ്ധമാകാൻവേണ്ടി പാപത്തിൽ തുടരണമോ? ഒരിക്കലും പാടില്ല. പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതെങ്ങനെ? ഈശോമിശിഹായോട് ഐക്യപ്പെടാൻ മാമോദീസാ സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണു മാമോദീസാ സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ മാമോദീസായാൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്. അവന്റെ മരണത്തിനു സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ, അവന്റെ പുനരുത്ഥാനത്തിനു സദൃശമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും.

നാം ഇനി പാപത്തിന് അടിമപ്പെടാതിരിക്കത്തക്കവിധം പാപപൂർണമായ ശരീരത്തെ നശിപ്പിക്കാൻവേണ്ടി നമ്മിലെ പഴയമനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നു നമുക്കറിയാമല്ലോ. എന്തെന്നാൽ, മരിച്ചവൻ പാപത്തിൽനിന്നു മോചിതനായിരിക്കുന്നു. നാം മിശിഹായോടുകൂടെ മരിച്ചുവെങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു നാം വിശ്വസിക്കുന്നു. മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്ത മിശിഹാ ഇനി ഒരിക്കലും മരിക്കുകയില്ലെന്നു നമുക്കറിയാം. മരണത്തിന് അവന്റെമേൽ ഇനി അധികാരമില്ല. അവൻ മരിച്ചു; പാപത്തെ സംബന്ധിച്ചിടത്തോളം എന്നേക്കുമായി അവൻ മരിച്ചു. അവൻ ജീവിക്കുന്നു; ദൈവത്തിനുവേണ്ടി അവൻ ജീവിക്കുന്നു. അതുപോലെ, നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണെന്നും ഈശോമിശിഹായിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞുകൊള്ളുവിൻ.

അതുകൊണ്ട്, ജഡമോഹങ്ങൾ നിങ്ങളെ കീഴ്പ്പെടുത്താൻ തക്കവിധം പാപം നിങ്ങളുടെ മർത്ത്യശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ. നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ഉപകരണങ്ങളായി പാപത്തിനു സമർപ്പിക്കരുത്; പ്രത്യുത, മരിച്ചവരിൽനിന്നു ജീവൻ പ്രാപിച്ചവരായി നിങ്ങളെത്തന്നെയും, നീതിയുടെ ആയുധങ്ങളായി നിങ്ങളുടെ അവയവങ്ങളെയും ദൈവത്തിനു സമർപ്പിക്കുവിൻ. പാപം നിങ്ങളുടെമേൽ ഭരണം നടത്തുകയില്ല. കാരണം, നിങ്ങൾ നിയമത്തിനു കീഴിലല്ല കൃപയ്ക്കു കീഴിലാണ്.

അതുകൊണ്ടെന്ത്? നാം നിയമത്തിനു കീഴ്പ്പെട്ടവരല്ല, കൃപയ്ക്കു കീഴ്പ്പെട്ടവരാണ് എന്നതുകൊണ്ട് നമുക്കു പാപം ചെയ്യാമോ? ഒരിക്കലും പാടില്ല. നിങ്ങൾ അനുസരണമുള്ള ദാസരെപ്പോലെ നിങ്ങളെത്തന്നെ ആർക്കെങ്കിലും സമർപ്പിക്കുമ്പോൾ, നിങ്ങൾ അവന്റെ അടിമകളാണെന്ന് അറിയുന്നില്ലേ? ഒന്നുകിൽ, മരണത്തിലേക്കു നയിക്കുന്ന പാപത്തിന്റെ അടിമകൾ; അല്ലെങ്കിൽ, നീതിയിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമകൾ. ഒരിക്കൽ നിങ്ങൾ പാപത്തിന് അടിമകളായിരുന്നെങ്കിലും നിങ്ങൾക്കു ലഭിച്ച പ്രബോധനം ഹൃദയപൂർവം അനുസരിച്ച്, പാപത്തിൽനിന്നു മോചിതരായി നിങ്ങൾ നീതിക്ക് അടിമകളായതിനാൽ ദൈവത്തിനു നന്ദി.

നിങ്ങളുടെ പരിമിതി നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുകയാണ്. ഒരിക്കൽ നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അശുദ്ധിക്കും അനീതിക്കും അടിമകളായി സമർപ്പിച്ചതുപോലെ, ഇപ്പോൾ അവയെ വിശുദ്ധീകരണത്തിനുവേണ്ടി നീതിക്ക് അടിമകളായി സമർപ്പിക്കുവിൻ. നിങ്ങൾ പാപത്തിന് അടിമകളായിരുന്നപ്പോൾ നീതിയുടെ നിയന്ത്രണത്തിലല്ലായിരുന്നു. ഇന്നു നിങ്ങൾക്കു ലജ്ജാവഹമായിത്തോന്നുന്ന അക്കാര്യങ്ങളിൽനിന്ന് അന്നു നിങ്ങൾക്ക് എന്തു ഫലം കിട്ടി? അവയുടെ അവസാനം മരണമാണ്. എന്നാൽ, ഇപ്പോൾ നിങ്ങൾ പാപത്തിൽനിന്നു മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നതു വിശുദ്ധീകരണവും അതിന്റെ അവസാനം നിത്യജീവനുമാണ്. പാപത്തിന്റെ വേതനം മരണമാണ്. ദൈവത്തിന്റെ ദാനമാകട്ടെ, നമ്മുടെ കർത്താവായ ഈശോമിശിഹാ വഴിയുള്ള നിത്യജീവനും.

(അല്ലെങ്കിൽ)

## നടപടി 2, 22-28

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.*

**കാർമി.** എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)

## സുവിശേഷഗീതം (ഓനീസാ ദ്ഏവൻഗലിയോൻ)

ശുശ്രൂ. പുസ്തകങ്ങളുടെ ആരംഭത്തിൽ എന്നെപ്പറ്റി എഴുതിയിരിക്കുന്നു.

എഴുതീ നരകുലരക്ഷകനാം
മിശിഹാരാജൻ തൻമൊഴികൾ
സുവിശേഷത്തിൻ തിരുഗ്രന്ഥം

പരിശുദ്ധാത്മനിവേശത്താൽ
യൂദയാസഭയിൽ മത്തായി
മർക്കോസ് റോമിലെ ജനതയ്ക്കായ്
ലൂക്കാ ഈജിപ്തിലെ സഭയിൽ

യോഹന്നാൻ എഫേസൂസിൽ
നാഥാ, ജനതതിയീഗ്രന്ഥം
ധ്യാനിപ്പൂ; നിൻ മഹിമകളെ
മന്നിതിൽ വാഴ്ത്തി നമിക്കുന്നു.

സമൂ. ദൈവമേ, അങ്ങയുടെ തിരുവിഷ്ടം നിറവേറ്റാൻ ഞാൻ ആഗ്രഹിച്ചു.

എഴുതീ നരകുലരക്ഷകനാം ...

ശുശ്രൂ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

എഴുതീ നരകുലരക്ഷകനാം ...

## വ്യാഖ്യാനഗീതം (തുർഗാമ)

(ക്സാവാ റമ്പാ ...)

ശുശ്രൂ. ഭൂമി വിറകൊള്ളുകയും ഇളകുകയും ചെയ്തു.

ഗായക. സമൂ. മിശിഹാനാഥൻ കുരിശിന്മേൽ
മരണം പുല്കും നിമിഷത്തിൽ
സൃഷ്ടികളെല്ലാം വിറപൂണ്ടു.

വാനിൽ സൂര്യനിരുണ്ടല്ലോ
ദീപം മങ്ങിയണഞ്ഞല്ലോ
ദൈവാലയവിരി കീറുകയിൽ
ദുഃഖം കരിനിഴൽ വീഴ്ത്തുകയായ്.

പടയാളികളുടെ ധാർഷ്ട്യത്താൽ
ഭൂമി വിറച്ചു, കർത്താവേ,
മരണമടഞ്ഞൊരു ജനമപ്പോൾ
ഉത്ഥിതരായി സ്തുതിപാടി.

ശുശ്രൂ. അവിടന്നു തന്റെ ജനത്തിനു രക്ഷ നല്കി.

ഗായക. സമൂ.
എല്ലാ ജനതകളും കണ്ടു
രക്ഷാകരമാം ദൈവത്വം,
മൃതരിൽനിന്നങ്ങുത്ഥിതനായ്!
ജനതകളൊന്നായ് പാടട്ടെ
ദൈവികമാം നവഗീതങ്ങൾ
സങ്കീർത്തന മധുധാരകളാൽ
നിറയുന്നുലകും വാനിടവും.
തലമുറതോറും ദൈവത്തിൻ
കീർത്തന ധാരകളുയരുന്നു
പരിപാവനമാം വിശ്വാസം
സകലജനങ്ങളുമറിയുന്നു.

ശുശ്രൂ. പരിശുദ്ധാത്മാവിന്റെ കൃപയ്ക്ക് അർഹരായവരേ, വരുവിൻ.

ഗായക. സമൂ.
സ്തുതികൾ പാടാം നിതരാം നാം
ദൈവം നമ്മെ സ്നേഹിച്ചു
കാരുണ്യത്തിൻ നിറവാലേ.
തന്നുടെ പാവനരാജ്യത്തി-
ന്നവകാശികളായ് തീർത്തല്ലോ
വിശ്വാസത്തോടുമുപവിയോടും
സതതം നിർമലഹൃദയവുമായ്.
ജീവിതദാനം നല്കീ നീ
ദിവ്യരഹസ്യവുമറിയിച്ചു
യോഗ്യത നല്കിയ കാരുണ്യം
വാഴ്ത്തി നമിക്കാമെന്നെന്നും.

ശുശ്രൂ. അങ്ങിൽ ശരണപ്പെടുന്നവരാരും ലജ്ജിക്കുകയില്ല.

ഗായക. സമൂ.
'നാഥാ, ദുഷ്ടതമൂലം ഞാൻ
പാപം ചെയ്തു നിരവധിയായ്
കരുണാസാഗരമല്ലോ നീ.
ലജ്ജിതനല്ലിനി നിൻ കുരിശിൽ
ഞാനെന്നാളും, പാപത്താൽ
നിന്നെ മറന്നതിനാലെന്നിൽ
കനിവിൻ കിരണം തൂകണമേ.'
'നിന്നോടൊപ്പം സ്ലീവായിൽ
പീഡിതനീ ഞാൻ സ്വർഗത്തിൽ
അണഞ്ഞയുമ്പോളോർക്കണമേ'
ചിതമായ് കള്ളൻ മൊഴിയുകയായ്.

ശുശ്രൂ. എന്റെ രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും.

ഗായക. ഈശോ, താവക മരണത്താൽ
സമൂ. ഞങ്ങൾ നേടീ പുതുജീവൻ,
മാമോദീസാ വഴിയിപ്പോൾ.
നിത്യമഹോന്നത ജീവനിതാ
ഞങ്ങൾക്കെല്ലാം കൈവന്നു
മൃതിയിൽനിന്നതു മാനവരാം
ഞങ്ങൾക്കേകണമുത്ഥാനം.
മോദമൊടിന്നീ തിരുനാളിൽ
വാഴ്ത്തുകയായിവർ തിരുമുമ്പിൽ.
ഉത്ഥിതനായൊരു മിശിഹായേ,
ഉലകിനു ശാന്തി നിതാന്തം നീ.

ശുശ്രൂ. വരുവിൻ, നമുക്കവിടത്തെ കുമ്പിട്ടാരാധിക്കാം.

ഗായക. മന്നിൽ മാനവരക്ഷക്കായ്
സമൂ. ആഗതനായ് നീ തിരുനാഥാ!
ആരാധിപ്പൂ കുരിശിനെ ഞാൻ.
ജീവൻ നല്കുമൊരടയാളം
അതുവഴി വിനയം പുല്കി നീ
മരണം സ്വയമേ കൈക്കൊണ്ടു
മൃതരിൽ ജീവനണച്ചീടാൻ.
രക്ഷപകർന്നു, മാനവരോ
നിന്നെ സ്തുതിച്ചു പുകഴ്ത്തുന്നു
ഉത്ഥിതനായൊരു മിശിഹായേ,
ഉലകിനു ശാന്തി നിതാന്തം നീ.

## ഹല്ലേലുയ്യാഗീതം (സൂമാറ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടിടുന്നേൻ ...)

ഗായക. ഹല്ലേലുയ്യാ പാടിടുന്നേൻ
സമൂ. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
കർത്താവെന്നും വാണിടുന്നു
ഭൂതലമഖിലം മോദിക്കട്ടെ.

കൂരിരുളൊപ്പം വെൺമേഘവുമാ
നാഥനു ചുറ്റിലുമണിചേരുന്നു.
നീതിയിലും പരിശുദ്ധിയിലും തൻ
ത്രോണോസവനോ സുസ്ഥിരമാക്കി.

**താതനുമതുപോൽസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**
**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടിടുന്നേൻ**
**ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷവെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും, ആമ്മേൻ.**

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുകൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥമെടുക്കുന്നു.

**കാർമി.** **ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.**

കാർമികൻ സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** **നമുക്കു ശ്രദ്ധാപൂർവംനിന്നു**
**പരിശുദ്ധ സുവിശേഷം ശ്രവിക്കാം.**

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമി.** സമാധാനം ✠ നിങ്ങളോടുകൂടെ.

**സമൂ.** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

**കാർമി.** വിശുദ്ധ മത്തായി അറിയിച്ച
നമ്മുടെ കർത്താവീശോമിശിഹായുടെ
പരിശുദ്ധ സുവിശേഷം. (28, 1-6)

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമി.** സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലേനമറിയവും മറ്റേമറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു. അപ്പോൾ വലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗത്തിൽ നിന്നിറങ്ങിവന്ന്, കല്ലുരുട്ടിമാറ്റി, അതിന്മേൽ ഇരുന്നു. അവന്റെ രൂപം മിന്നൽപ്പിണർപോലെ ആയിരുന്നു. വസ്ത്രം മഞ്ഞുപോലെ വെളുത്തതും. അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവൽക്കാർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി. ദൂതൻ സ്ത്രീകളോടു പറഞ്ഞു: ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട ഈശോയെയാണു നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുൾച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

സുവിശേഷവായനയ്ക്കുശേഷം സ്ലീവാ / ഉയിർപ്പുരൂപം പ്രതിഷ്ഠിച്ചിരിക്കുന്ന ബലിപീഠത്തിലേക്കോ പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന സ്ഥലത്തേക്കോ കാർമികൻ നീങ്ങുന്നു. അവിടെവച്ച് മൂന്നു പ്രാവശ്യം താഴെ കൊടുത്തിരിക്കുന്ന ഉത്ഥാന അറിയിപ്പു നടത്തുന്നു.

(ഓനീസാ ദ്കങ്കെയ്ക്കുശേഷം ഉയിർപ്പുഗീതം ആലപിച്ച് ഉത്ഥാന അറിയിപ്പ് നടത്തിയും ഈ തിരുക്കർമങ്ങൾ നടത്താവുന്നതാണ്.)

## ഉത്ഥാന അറിയിപ്പ്

**കാർമി.** മിശിഹാ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തു. (3)

**സമൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ. (3)

(അല്ലെങ്കിൽ)

## ഗീതം

**കാർമി.** മിശിഹാനാഥൻ മൃതരിൽനിന്നും ഉത്ഥിതനായി. (3)

**സമൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ. (3)

തുടർന്ന്, മറച്ചുവച്ചിരിക്കുന്ന സ്ലീവായുടെ / ഉയിർപ്പുരൂപത്തിന്റെ വിരി കാർമികൻ നീക്കുന്നു. തത്സമയം മണിയടിക്കുന്നു. സമൂഹം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു. ഈ സമയത്ത് എല്ലാവരും കാർമികനോടൊപ്പം സ്ലീവായെ / ഉയിർപ്പുരൂപത്തെ കുമ്പിട്ടു നമിക്കുന്നു.

കാർമികൻ സ്ലീവായെ / ഉയിർപ്പുരൂപത്തെ ധൂപിക്കുന്നു.

## ഗീതം

| | | |
|---|---|---|
| **അവിഭാജ്യം നിൻ** | *സാഗ്ദീനൻ മാർ* | ܣܓܕܝܢܢ ܡܪܢ |
| **ദൈവത്വത്തെയും** | *ലാലാഹൂസാക* | ܠܐܠܗܘܬܟ |
| **മനുഷ്യത്വത്തെയും** | *വൽനാശൂസാക്* | ܘܠܐܢܫܘܬܟ |
| **ആരാധിക്കുന്നു (3)** | *ദ്‌ലാ പൂലാഗാ (3)* | ܕܠܐ ܦܘܠܓܐ (3) |

(അല്ലെങ്കിൽ)

**കർത്താവേ, അവിഭാജ്യമായ**
**നിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും**
**ഞങ്ങൾ ആരാധിക്കുന്നു. (3)**

തുടരുന്നു

## ഗീതം

**ഉയിർത്തെഴുന്നേറ്റു നാഥ-**
**നുയിർത്തെഴുന്നേറ്റു**
**വിജയലാളിതനായ് നാഥ-**
**നുയിർത്തെഴുന്നേറ്റു.** **ഉയിർത്തെഴുന്നേറ്റു ...**

**കുരിശിലേറിയവൻ, മൃതനായ്**
**കബറടങ്ങിയവൻ**
**കതിരിനുടയവനായ് വീണ്ടു-**
**മുയിർത്തെഴുന്നേറ്റു.** **ഉയിർത്തെഴുന്നേറ്റു ...**

**ഈ ദിനം ദൈവം ഏകിയ**
**ദിവ്യദിനമല്ലോ**
**മോദമായ് മഹിതകീർത്തന-**
**മേറ്റുപാടാം.** **ഉയിർത്തെഴുന്നേറ്റു ...**

തുടർന്ന്, പ്രദക്ഷിണം. മദ്ബഹയിൽ പ്രത്യേകമായി ഒരുക്കിയിരിക്കുന്ന തിരികൾ ശുശ്രൂഷികൾ കത്തിക്കുന്നു. അതിനുശേഷം, ശുശ്രൂഷികൾ ദീപം സമൂഹത്തിലേക്കു പകരുന്നു. തുടർന്ന്, ദൈവാലയാങ്കണത്തിൽ (കുരിശടിയിൽ) ''സമാധാനംനല്കൽ ശുശ്രൂഷ'' നടത്താൻ ഒരുക്കിയിരിക്കുന്ന സ്ഥലത്തേക്ക് എല്ലാവരും പ്രദക്ഷിണമായി പോകുന്നു. പ്രദക്ഷിണത്തിൽ ഏറ്റവും മുമ്പിൽ കത്തിച്ച രണ്ടു തിരികളുടെ അകമ്പടിയോടെ സുവിശേഷഗ്രന്ഥം വഹിക്കുന്ന ശുശ്രൂഷിയും, ഏറ്റവും പുറകിൽ കത്തിച്ച തിരികളുടെ അകമ്പടിയോടെ സ്ലീവാ/ ഉയിർപ്പുരൂപം വഹിക്കുന്ന കാർമികനും നീങ്ങുന്നു.

എന്നാൽ, സൗകര്യമില്ലാത്തിടത്ത് പ്രദക്ഷിണമായി കാർമികൻ വചനവേദിയിലേക്കു പ്രവേശിക്കുന്നു.

പ്രദക്ഷിണസമയത്ത് താഴെക്കാണുന്ന ഗീതം ആലപിക്കുന്നു.

## പ്രദക്ഷിണഗീതം

ദീപം കൊളുത്തി നാഥാ, തേടിവരുന്നു ഞങ്ങൾ
നിൻ ദിവ്യസന്നിധാനം തേടിവരുന്നു ഞങ്ങൾ.
ദീപം ...

ഭൂവിൻ പ്രഭുക്കളെല്ലാം നിന്നെ നമിച്ചിടുന്നു
പാരിൻ പ്രതാപമെല്ലാം നിൻ മുമ്പിൽ മങ്ങിടുന്നു.
ദീപം ...

മരണം തളർന്നു താണു; നരകം തകർന്നു വീണു
വിജയം പതഞ്ഞുയർന്നു; വിയദാലയം തെളിഞ്ഞു.
ദീപം ...

ഇരുളിൽക്കഴിഞ്ഞിരുന്ന ജനതക്കു ലോകനാഥാ,
പരമപ്രധാനമായ് നീ ധരമേലിറങ്ങിവന്നു.
ദീപം ...

(അല്ലെങ്കിൽ)

മിശിഹാനാഥാ, നിൻ വദനം
ഞങ്ങളിൽനിന്നു തിരിക്കരുതേ
ആരാധകർ നിൻ പുതുജീവൻ
പുല്കി നിതാന്തം നീങ്ങിടാൻ.

പ്രാർഥന കേൾക്കുക മിശിഹായേ,
ആശ്രയമങ്ങാണനവരതം
കൃപയാൽ ഹൃത്തിൻ മുറിവുകളിൽ
കനിവിന്നൗഷധമരുളണമേ.

അങ്ങയെ ഞങ്ങൾ വിളിക്കുന്നു
അലിവോടു പ്രാർഥന കേൾക്കണമേ
രക്ഷണമേകി ദാസരിൽ നീ
പാപപ്പൊറുതിയണയ്ക്കണമേ.

അനുതാപികളെ കൈക്കൊള്ളും
കരുണാനിധിയാം മിശിഹായേ,
തിരുവിഷ്ടം നിറവേറ്റിടാൻ
ഓരോ ദിനവും കാക്കണമേ.

സഭകൾക്കരുളുക മഹിമ സദാ
ആരാധകരെ കാക്കണമേ
പരിപാലിക്കണമജനിരയെ
നിൻ കൃപ ഞങ്ങൾക്കരുളണമേ.

തിരുമുഖമങ്ങു തിരിക്കരുതേ
തിരുസന്നിധിയിൽ കാക്കണമേ
സ്തുതിയും നന്ദിയുമർപ്പിപ്പൂ
തിരുനാമത്തിനു സാമോദം.

മിശിഹാ തൻ പ്രിയ മാതാവേ,
രാവും പകലും ഞങ്ങൾക്കായ്
നാഥൻ ശാന്തി പകർന്നീടാൻ
പ്രാർഥന നിത്യമണയ്ക്കണമേ.

സകല വിശുദ്ധരുമങ്ങേ വിൺ-
മഹിമയണിഞ്ഞു വിരാജിപ്പൂ
അവരുടെ പ്രാർഥന ഞങ്ങൾക്കായ്
രക്ഷണമേകണമനവരതം.

കരുണയുണർത്താനീയുലകിൽ
കുരിശേ പുല്കിയ മിശിഹായേ,
ദുഷ്ടപിശാചിൻ ശക്തികൾ നീ
കുരിശിൻ ചിറകാൽ നീക്കണമേ.

തിബേരിയോസിൻ തീരത്തായ്
പാഥേയങ്ങൾ തീർത്തവനേ,
തലമുറതോറും നിന്നെയിവർ
പ്രത്യാശയൊടെ നോക്കുന്നു.

## സമാധാനംനല്കൽ ശുശ്രൂഷ

പ്രദക്ഷിണം ദൈവാലയാങ്കണത്തിൽ പ്രത്യേകം ഒരുക്കിയിരിക്കുന്ന സ്ഥലത്തോ അല്ലെങ്കിൽ വചനവേദിയിലോ എത്തിയതിനുശേഷം

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ ബലഹീനമായ പ്രകൃതിയുടെ നവീകരണത്തിനുവേണ്ടി അങ്ങയുടെ തിരുസുതനിലൂടെ പൂർത്തിയാക്കപ്പെട്ട രക്ഷാപദ്ധതിയെ ഓർത്ത്, അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. അവർണനീയമായ ഈ ദാനത്തിന് ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

## സങ്കീർത്തനം 97

കാർമി. കർത്താവു ഭരണം നടത്തുന്നു;
ഭൂമി ആനന്ദിക്കട്ടെ;
ദ്വീപസമൂഹങ്ങൾ സന്തോഷിക്കട്ടെ.
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

**സമൂ.** (കാനോന) **ആദത്തിന്റെ മഹത്ത്വീകൃതമായ വംശമേ,**
**ഉത്ഥാനം ചെയ്യുകയും തന്റെ ഉത്ഥാനത്താൽ**
**എല്ലാവരെയും സന്തോഷിപ്പിക്കുകയുംചെയ്ത**
**മിശിഹായിൽ ആനന്ദിക്കുവിൻ.**

**കാർമി.** **മേഘപടലങ്ങൾ അവിടത്തെ ചുറ്റുമുണ്ട്;**
**നീതിയിലും ന്യായത്തിലും**
**അവിടന്നു തന്റെ സിംഹാസനം സ്ഥാപിച്ചിരിക്കുന്നു.**

**സമൂ.** **തിരുമുമ്പിൽ അഗ്നി ജ്വലിക്കുന്നു;**
**വൈരികളെ അതു ദഹിപ്പിക്കുന്നു.**

**കാർമി.** **മിന്നൽപ്പിണറുകൾ ലോകത്തെ പ്രകാശിപ്പിക്കുന്നു;**
**ഭൂമി അതുകണ്ടു വിറകൊള്ളുന്നു.**

**സമൂ.** **ഭൂമി മുഴുവന്റെയും അധിപനായ കർത്താവിന്റെ മുമ്പിൽ**
**മലകൾ മെഴുകുപോലെ ഉരുകുന്നു.**

**കാർമി.** **ആകാശം ദൈവനീതി പ്രഘോഷിക്കുന്നു;**
**ജനതകളെല്ലാം ദിവ്യമഹത്ത്വം ദർശിക്കുന്നു.**

**സമൂ.** **ബിംബാരാധകരും വിഗ്രഹസേവകരും ലജ്ജിക്കട്ടെ;**
**മാലാഖമാരെല്ലാം അവിടത്തെ ആരാധിക്കട്ടെ.**

**കാർമി.** **കർത്താവേ, അങ്ങയുടെ ന്യായവിധികൾകേട്ട്**
**സെഹിയോൻ സന്തോഷിക്കട്ടെ;**
**യൂദായുടെ പുത്രിമാർ ആനന്ദിക്കട്ടെ.**

**സമൂ.** **എന്തുകൊണ്ടെന്നാൽ, അങ്ങു ഭൂമിയേക്കാൾ ഉന്നതനാകുന്നു;**
**സർവദേവന്മാരേക്കാൾ ഉത്കൃഷ്ടനാകുന്നു.**

**കാർമി.** **കർത്താവിന്റെ സ്നേഹിതർ തിന്മയെ ദ്വേഷിക്കുന്നു;**
**തന്റെ നീതിനിഷ്ഠരുടെ ആത്മാക്കളെ അവിടന്ന് പരിപാലിക്കുന്നു;**
**ദുഷ്ടരുടെ കരങ്ങളിൽനിന്ന് അവരെ കാത്തുരക്ഷിക്കുന്നു.**

**സമൂ.** **നീതിനിഷ്ഠർക്കു പ്രകാശമുദിച്ചു;**
**പരമാർഥഹൃദയർക്ക് ആഹ്ലാദമുണ്ടായി.**

**കാർമി.** **നീതിനിഷ്ഠരേ, നിങ്ങൾ കർത്താവിൽ ആനന്ദിക്കുവിൻ;**
**അവിടത്തെ പരിശുദ്ധി പ്രകീർത്തിക്കുവിൻ.**

**സമൂ.** **കർത്താവു ഭരണം നടത്തുന്നു;**
**ഭൂമി ആനന്ദിക്കട്ടെ;**
**ദ്വീപസമൂഹങ്ങൾ സന്തോഷിക്കട്ടെ.**
**ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** (കാനോന) ആദത്തിന്റെ മഹത്ത്വീകൃതമായ വംശമേ,
ഉത്ഥാനം ചെയ്യുകയും തന്റെ ഉത്ഥാനത്താൽ
എല്ലാവരെയും സന്തോഷിപ്പിക്കുകയുംചെയ്ത
മിശിഹായിൽ ആനന്ദിക്കുവിൻ.

തുടർന്ന് താഴെവരുന്ന സ്തുതിഗീതം ആലപിക്കുന്നു.

## സ്തുതിഗീതം (തെശ്ബൊഹ്ത്ത)

സർവേശപുത്രനുയിർത്തു
സമ്മോദമെങ്ങും തളിർത്തു
സ്വർല്ലോകവാതിൽ തുറന്നു;
ദിവ്യപ്രകാശം പരന്നു.

മർത്ത്യനെത്തേടിയണഞ്ഞു
മർത്ത്യനു ശാന്തി പകർന്നു
വാഴ്ത്തുന്നു നിൻ ദിവ്യനാമം
നല്കേണമേ സ്വർഗദാനം.

(അല്ലെങ്കിൽ)

(ലൈക്കാ ഏസൽ ...)

**ഗായക.** ഭൂമിയുടെ അതിർത്തികളിൽനിന്ന് അവനു സ്തുതി മുഴങ്ങട്ടെ.

**സമൂ.** പാതാളത്തിലിറങ്ങിയ നാഥാ,
മർത്ത്യരെ വിണ്ണിലുയർത്തീടാനായ്
ഉത്ഥാനത്താൽ നൂതനമാക്കി
ഭൂതലമെല്ലാം വാഗ്ദാനത്താൽ
സ്തുതി പാടുന്നു സൃഷ്ടികളെല്ലാം
നിന്റെയുയിർപ്പിൽ സ്നേഹമഹേശാ.

**ഗായക.** മരുപ്രദേശവും അതിലെ പട്ടണങ്ങളും ആനന്ദിക്കട്ടെ.

**സമൂ.** യുഗമോരോന്നും കൈകളിലേന്തും
കാലത്തിന്നധിനാഥൻ ദൈവം
തിന്മകൾ തിങ്ങും കാലം നീക്കി
മോചനമേകാൻ വന്നു ഭൂവിൽ
കാലത്തികവിൽ ഞങ്ങൾക്കരുളു-
ന്നുത്ഥാനത്തിൻ മംഗളകാലം.

ഗായക. അവർ കർത്താവിനു മഹത്ത്വമർപ്പിച്ചു.

സമൂ. വീരോജ്ജ്വലനായ് മുന്നേറുന്നു
സൈന്യാധിപനാം ദൈവകുമാരൻ
രണധീരൻപോൽ ശത്രുഗണത്തെ
തോല്പിക്കുന്നവനെന്നും മന്നിൽ
വിണ്ണിൻ ഗിരിയിൽ മുകിലുകളെല്ലാം
നീതിപൊഴിക്കാൻ വന്നണയുന്നു.

ഗായക. കർത്താവായ ഞാനാണ് അവ സൃഷ്ടിച്ചത്.

സമൂ. വാനവരെല്ലാമാഹ്ലാദിപ്പൂ
മാനവനിരയും ഭൂതലമെല്ലാം
ദൈവകുമാരനുയിർത്തതിനാലേ
അനുരഞ്ജനമായ് പാരിതിലെങ്ങും
ആകെ നവീകൃതമായൊരു ലോകം
ശാന്തിയണിഞ്ഞിന്നാനന്ദിപ്പൂ.

## സമാധാനം നല്കൽ

കാർമികന്റെ കൈയിലുള്ള സ്ലീവാ / ഉയിർപ്പുരൂപം ശുശ്രൂഷി ചുംബിക്കുന്നു. ശുശ്രൂഷി സംവഹിക്കുന്ന സുവിശേഷം കാർമികനും ചുംബിക്കുന്നു.

ശുശ്രൂ. സഹോദരരേ, ഉത്ഥിതനായ മിശിഹായുടെ സ്നേഹത്തിൽ നിങ്ങൾ സമാധാനം നല്കുവിൻ.

കാർമികനും ശുശ്രൂഷികളും പരസ്പരം സമാധാനം നല്കുന്നു. തുടർന്ന്, എല്ലാവരും സമാധാനം നല്കുന്നു.

ഒരാൾ: മിശിഹാ ഉയിർത്തെഴുന്നേറ്റു.

മറ്റേയാൾ: മിശിഹാ സത്യമായും ഉയിർത്തെഴുന്നേറ്റു.

(അല്ലെങ്കിൽ)

ഒരാൾ: മിശിഹായുടെ സമാധാനം അങ്ങയോടുകൂടെ.

മറ്റേയാൾ: അങ്ങയോടുംകൂടെ.

തുടർന്ന്, ആശീർവാദപ്രാർഥനകൾ ചൊല്ലുന്നു. ഓരോ പ്രാർഥനയ്ക്കും ശേഷം സമൂഹം 'ആമ്മേൻ' എന്ന് പ്രത്യുത്തരിക്കുന്നു.

## ആശീർവാദപ്രാർഥനകൾ

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. കർത്താവേ, നിന്റെ വിശുദ്ധജനത്തെ ആശീർവദിക്കുകയും നിന്റെ സമാധാനം അവരിൽ വർദ്ധിപ്പിക്കുകയും ചെയ്യണമേ.

സമൂ. ആമ്മേൻ.

കാർമി. കർത്താവേ, നിന്റെ പരിശുദ്ധ സഭയെ ആശീർവദിക്കുകയും അതിൽ സമാധാനം നിലനിർത്തുകയും ചെയ്യണമേ. സാർവത്രിക സഭയുടെ പിതാവും തലവനുമായ മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചു ബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും അതിരൂപതാ ധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും സംരക്ഷിക്കുകയും, അവർക്ക് ഏല്പിക്കപ്പെട്ട സഭകളെ സമാധാനത്തിൽ നയിക്കാൻ ശക്തരാക്കുകയും ചെയ്യണമേ.

സമൂ. ആമ്മേൻ.

കാർമി. കർത്താവേ, അങ്ങയുടെ പുരോഹിതന്മാരെയും മ്ശംശാനമാരെയും സമർപ്പിതരെയും അല്മായ പ്രേഷിതരെയും ആശീർവദിക്കുകയും, അവരെ സമാധാനത്തിൽ വിശുദ്ധീകരിക്കുകയും ചെയ്യണമേ.

സമൂ. ആമ്മേൻ.

കാർമി. കർത്താവേ, വയോധികർ, യുവജനങ്ങൾ, മാതാപിതാക്കൾ, കുട്ടികൾ, കുടുംബത്തിലെ മറ്റംഗങ്ങൾ എന്നിവരെയും ഞങ്ങളിൽ നിന്ന് അകന്നിരിക്കുന്നവരെയും ആശീർവദിക്കുകയും, അവരെ സമാധാനത്തിൽ ഒന്നിപ്പിക്കുകയും ചെയ്യണമേ.

സമൂ. ആമ്മേൻ.

കാർമി. കർത്താവേ, ഞങ്ങളുടെ രാഷ്ട്രത്തിന്റെ ഭരണാധികാരികളെയും, സാമൂഹികപ്രവർത്തകർ, ആതുരശുശ്രൂഷകർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങി എല്ലാവരെയും ആശീർവദിക്കുകയും, അവരെ സമാധാനത്തിൽ നയിക്കുകയും ചെയ്യണമേ.

സമൂ. ആമ്മേൻ.

കാർമി. കർത്താവേ, ദരിദ്രർ, സമ്പന്നർ, കർഷകർ, തൊഴിലാളികൾ, വ്യാപാരികൾ, വ്യവസായികൾ, കുടിയേറ്റക്കാർ എന്നിവരെ ആശീർവദിക്കുകയും, അവരെ സമാധാനത്തിൽ സംരക്ഷിക്കുകയും ചെയ്യണമേ.

സമൂ. ആമ്മേൻ.

**കാർമി.** കർത്താവേ, ക്ലേശിതർ, ദുഃഖിതർ, പീഡിതർ, രോഗികൾ, ശാരീരികവും മാനസികവുമായി വേദനിക്കുന്നവർ, മർദിതർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരെ ആശീർവദിക്കുകയും, അവരെ സമാധാനത്തിൽ ആശ്വസിപ്പിക്കുകയും ചെയ്യണമേ.

**സമൂ.** ആമ്മേൻ.

**കാർമി.** കർത്താവേ, ഈ പ്രപഞ്ചത്തെയും അതിലെ ജീവജാലങ്ങളെയും സസ്യലതാദികളെയും ആശീർവദിക്കുകയും, അവയെ സമാധാനത്തിൽ പരിപോഷിപ്പിക്കുകയും ചെയ്യണമേ.

**സമൂ.** ആമ്മേൻ.

(അവസരോചിതമായി മറ്റു പ്രാർഥനകൾ കൂട്ടിച്ചേർക്കാവുന്നതാണ്)

**കാർമി.** കർത്താവേ, നിന്റെ തിരുനാളുകൾ സമാധാനത്തിൽ ആഘോഷിക്കുന്നതിനായി എല്ലാ ക്രിസ്തീയസമൂഹങ്ങളെയും ആശീർവദിക്കണമേ.

**സമൂ.** ആമ്മേൻ.

## (പൊതുആശീർവാദം)

**കാർമി.** സമാധാനദാതാവായ മിശിഹായേ, രഹസ്യങ്ങളും ദൃഷ്ടാന്തങ്ങളും ഉപമകളും പൂർണമായും വ്യക്തമാക്കപ്പെടുന്ന യുഗാന്തത്തിലെ പൊതുഉയിർപ്പുദിനത്തിൽ ആഹ്ലാദിക്കുന്നതിന് ഞങ്ങളെ യോഗ്യരാക്കണമേ. അവിടെ നിന്റെ അവകാശത്തിൽ പങ്കുചേരുന്നതിനും നീ വഴിയായി പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നതിനും ഞങ്ങൾക്ക് ഇടയാകട്ടെ. ഞങ്ങളുടെ ഈ സമൂഹത്തിലും ഇന്ന് നിന്റെ നാമത്തിൽ ഒരുമിച്ചുകൂടിയിരിക്കുന്ന എല്ലാ സമൂഹങ്ങളിലും ലോകം മുഴുവനിലും നിന്റെ അനുഗ്രഹവും സമാധാനവും നിറയട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

തുടർന്ന് സ്ലീവാ / ഉയിർപ്പുരൂപം പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന പീഠത്തിൽ കൊണ്ടുപോയി വയ്ക്കുന്നു.

(സൂചന: ഓനീസാ ദ്കങ്കെയ്ക്കും ഉയിർപ്പുഗീതത്തിനും ശേഷമാണ് ഉയിർപ്പിന്റെ തിരുക്കർമങ്ങൾ നടത്തിയതെങ്കിൽ 'സർവാധിപനാം ...' / 'സകലത്തിന്റെയും നാഥാ ...' എന്ന പ്രാർഥന മുതൽ വിശുദ്ധ കുർബാന തുടരുന്നു).

## വചനസന്ദേശം

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

**ശുശ്രൂ.** നമുക്കെല്ലാവർക്കും സന്തോഷത്തോടും ആഹ്ലാദത്തോടുംകൂടെ 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** സ്വർഗവാസികളുടെയും ഭൂവാസികളുടെയും സമാധാനമായ മിശിഹായേ, നിന്റെ ഉത്ഥാനത്തിന്റെ സമാധാനം ആഘോഷിക്കാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് അപേക്ഷിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** 'സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു. ലോകം നല്കുന്നതുപോലെയല്ല ഞാൻ നല്കുന്നത്' എന്നരുൾച്ചെയ്ത മിശിഹായേ, നിന്റെ ഉയിർപ്പിന്റെ സമാധാനത്തിൽ ഞങ്ങളേയും പങ്കുകാരാക്കണമെന്ന് അപേക്ഷിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** കല്ലറയിൽനിന്ന് ഉയിർക്കുകയും ലോകത്തെയും തന്റെ സഭയെയും ശാശ്വതമായ സമാധാനത്താൽ നിറയ്ക്കുകയും ചെയ്ത മിശിഹായേ, നിന്റെ ഉത്ഥാനത്തിന്റെ സന്തോഷം പങ്കുവയ്ക്കാൻ ഞങ്ങളെ സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** സമാധാനത്തിൽ ഞങ്ങളെ സമ്പന്നരാക്കുന്ന മിശിഹായേ, ഞങ്ങളുടെ അനുദിനജീവിതത്തിലെ വേദനകളിലും പ്രതിസന്ധികളിലും നീ നല്കുന്ന സമാധാനം അനുഭവിച്ചറിഞ്ഞ് ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ഞങ്ങളുടെ പരിശുദ്ധ പിതാവായ മാർപാപ്പ, മേജർ ആർച്ചുബിഷപ്പ്, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ എന്നിവരുടെയും അവരുടെ സഹശുശ്രൂഷികളുടെയും സമാധാനത്തിനും സുസ്ഥിതിക്കുംവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി.** ഞങ്ങളുടെ കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കണമേ. ഞങ്ങളുടെയിടയിൽ നിന്റെ ശാന്തിയും സമാധാനവും വർദ്ധിപ്പിക്കണമേ. നിന്റെ ഉത്ഥാനരഹസ്യത്തിന്റെ പൂർണതയിലേക്കു ഞങ്ങളെ അടുപ്പിക്കുകയും ഞങ്ങളുടെമേൽ കരുണയായിരിക്കുകയും ചെയ്യണമേ. നിന്റെ ശാന്തിയിലും സമാധാനത്തിലും ഞങ്ങളുടെ ഹൃദയം ആനന്ദിക്കുന്നതിനും പരസ്പരം ഐക്യത്തിൽ ജീവിക്കുന്നതിനും നിന്റെ കൃപയാൽ നിറയുന്നതിനും ഞങ്ങളെ അർഹരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** കർത്താവേ, ആശീർവദിക്കണമേ.
സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

എല്ലാവരും തല കുനിക്കുന്നു. കാർമികൻ കുനിഞ്ഞുനിന്ന് താഴെവരുന്ന കൈവയ്പുപ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷ അംഗങ്ങളാകാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമികൻ നിവർന്നുനിന്ന് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമ്മി.** കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** മാമോദീസ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.

താഴെവരുന്ന പ്രാർഥനകൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

**കാർമ്മി.** സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.

താഴെവരുന്ന ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ) ആലപിക്കുന്നു / ചൊല്ലുന്നു.

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

**ഗായക.** എന്റെ രാജാവായ കർത്താവേ,
ഞാൻ അങ്ങയെ മഹത്ത്വപ്പെടുത്തുന്നു.

**സമൂ.** കുരിശിൽ മൃതനായി
കല്ലറ പൂകിയവൻ
ഉത്ഥാനം ചെയ്തു.
ഉത്ഥിതനായ് സർവാധിപനായ്
മഹിമാപൂരിത രാജാവായ്
വിണ്ണിൽ വാഴും മിശിഹായാം
നാഥൻ വീണ്ടും വന്നീടും
അഖിലരെയും വിധിചെയ്തീടാനായ്.

**ഗായക.** അവിടത്തെ ശക്തി വെളിപ്പെടുത്തേണ്ടതിന്.

**സമൂ.** കുരിശിൽ മൃതനായി ...

(അല്ലെങ്കിൽ)

**ഗായക.** എന്റെ രാജാവായ കർത്താവേ,
ഞാൻ അങ്ങയെ മഹത്ത്വപ്പെടുത്തുന്നു.

**സമൂ.** മരിച്ചവരുടെ ഇടയിൽനിന്ന് ആദ്യജാതനായി ഉയിർത്തെഴുന്നേറ്റ കർത്താവേ, നിന്റെ ഉത്ഥാനം ഞങ്ങൾക്ക് ജീവനും മഹത്ത്വവും പ്രദാനം ചെയ്യുന്നു. നിന്റെ സ്നേഹഭാജനമായ സഭ, അണിഞ്ഞൊരുങ്ങിയ വധുവിനെപ്പോലെയും മക്കളോടൊരുമിച്ച് ഉല്ലസിക്കുന്ന അമ്മയെപ്പോലെയും നിന്റെ ഉയിർപ്പിൽ ആനന്ദിക്കുന്നു. നിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും സ്മാരകമായ ഈ ദിവ്യരഹസ്യങ്ങളിൽ സജീവമായി പങ്കുകൊള്ളാൻ കർത്താവേ, ഞങ്ങളെ യോഗ്യരാക്കണമേ.

**ഗായക.** അവിടത്തെ ശക്തി വെളിപ്പെടുത്തേണ്ടതിന്.

**സമൂ.** മരിച്ചവരുടെ ഇടയിൽനിന്ന് ...

(തുടർന്നുള്ള പ്രാർഥനകൾക്ക് കുർബാനക്രമം കാണുക)

## പ്രത്യേകഗീതം (ദ്ഹീലത്ത്)

(പുലരിയിൽ നിദ്രയുണർന്നങ്ങേ ...)

**കാർമി.** കർത്താവേ, തവ തിരുനാമം
കീർത്തിതമല്ലോ ചിരകാലം
പാവനമാം തവ ഗേഹത്തിൽ
പൂജിതനങ്ങു മഹോന്നതനും.

**സമൂ.** നാശമടഞ്ഞു മരണത്തിൻ
ശക്തിയുമതുപോൽ പാടവവും
വാനവുമുലകും നവമാം നിൻ
വരവിനു കാത്തുകഴിക്കുന്നു.

**കാർമി.** കതിരണിയുന്ന പ്രതീക്ഷകളാൽ
മോദമെഴുന്നു സ്വർല്ലോകം,
ഹല്ലേലുയ്യാ പാടിടാം
പരിശുദ്ധൻ, നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

സമൂ. ഉന്നതനായ ദൈവമേ, എന്നുമെന്നേക്കും അങ്ങയുടെ വിശുദ്ധ സ്ഥലത്ത് അങ്ങ് മഹത്ത്വപൂർണനാകുന്നു. കർത്താവിന്റെ മഹത്ത്വം അവിടത്തെ സ്ഥലത്തു പ്രകീർത്തിക്കപ്പെടുന്നു. മർത്ത്യരേ, നിങ്ങൾ ആനന്ദിക്കുകയും ആശ്വസിക്കുകയും ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ, മരണത്തിന്റെ ശക്തി നശിപ്പിക്കപ്പെട്ടു. മിശിഹാ വന്ന് എല്ലാം നവീകരിക്കാൻവേണ്ടി ആകാശവും ഭൂമിയും കാത്തിരിക്കുന്നു. സ്വർഗീയശക്തികൾ ഇന്ന് ആനന്ദിക്കുന്നു. എന്തുകൊണ്ടെന്നാൽ, തങ്ങളുടെ പ്രതീക്ഷ പൂർത്തീകരിക്കപ്പെട്ടതായി അവർ കണ്ടു. നമുക്ക് ഒരുമിച്ച് 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സകലത്തിന്റെയും നാഥാ, അങ്ങു പരിശുദ്ധൻ' എന്ന് അവിടത്തെ പ്രകീർത്തിക്കാം. ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(തൂയൈ... / കർത്താവേ, മമ രാജാവേ ...)

സമൂ. സ്വർഗത്തിൽനിന്നാഗതമാം
ഭക്ഷണപാനീയങ്ങളിതാ
പാവനമീ ബലി പാപികളെ
പരിചൊടു നിർമലരാക്കുന്നു.

ദൈവത്തിൻ സുതനീശോ തൻ
പാവനമാം നിണഗാത്രമിതാ
അൻപൊടു പങ്കിട്ടേകുന്നു
വിശ്വാസികളാം നമ്മൾക്കായ്.

(അല്ലെങ്കിൽ)

സമൂ. ലോകരക്ഷകനായ മിശിഹാ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ഇതാ, സ്വർഗത്തിൽ, അദൃശ്യനായ പിതാവിന്റെ വലത്തുഭാഗത്ത് അവൻ ഉപവിഷ്ടനായിരിക്കുന്നു. നമ്മുടെ കർത്താവ് തന്റെ ശരീരരക്തങ്ങൾ നമുക്കു പ്രദാനം ചെയ്തു. അവിടത്തെ മരണത്തിന്റെയും ഉയിർപ്പിന്റെയും ദിവ്യരഹസ്യങ്ങളെ നമുക്കെല്ലാവർക്കും സ്വീകരിക്കാം. നമുക്കൊന്നുചേർന്ന് 'സകലത്തിന്റെയും നാഥനായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു പാടി സ്തുതിക്കുകയും ചെയ്യാം. ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രിക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. പാപവിമോചനമേകും ദാനം
ജീവൻ നല്കും തീക്കനലല്ലോ.

ചിന്തകളെല്ലാം പാവനമാക്കാം
നിർമലരായ് തിരുസന്നിധി ചേരാം.

കരുണാപൂർവം നാഥൻ നല്കും
ദിവ്യരഹസ്യം കൈക്കൊണ്ടീടാം.

(അല്ലെങ്കിൽ)

ശുശ്രൂ. ജനങ്ങളേ വരുവിൻ, നമുക്കു കർത്താവിനെ പാടിപ്പുകഴ്ത്താം. മിശിഹായുടെ ഉത്ഥാനദിവസം മരണം പരാജയപ്പെടുകയും സാത്താൻ കീഴടങ്ങുകയും ചെയ്തു. സകലത്തിന്റെയുംമേൽ ഉത്ഥാനം ഭരണം നടത്തി. നാഥനും രക്ഷകനുമായ അവിടത്തെ 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു പാടിപ്പുകഴ്ത്താം. തന്റെ ശരീരരക്തങ്ങളാൽ അവിടന്നു നമ്മെ പരിപോഷിപ്പിക്കുന്നു. അവിടത്തെ തിരുനാമത്തിന് യഥായോഗ്യം നന്ദിപറയാൻ നമ്മുടെ അധരങ്ങൾ തീർത്തും അപര്യാപ്തങ്ങളാണ്. മിശിഹായുടെ മരണത്താൽ നമുക്കു നിത്യജീവൻ നല്കപ്പെട്ടു. മനുഷ്യകുലത്തിൽനിന്ന് മരണം തിരോധാനം ചെയ്യട്ടെ. ഇതാ, അക്ഷയജീവന്റെ രഹസ്യങ്ങൾ നമ്മുടെ മുമ്പിൽ വയ്ക്കപ്പെട്ടിരിക്കുന്നു. സഹോദരരേ, വരുവിൻ, ഭക്ത്യാദരങ്ങളോടെ നമുക്ക് അവയെ സമീപിക്കാം.

## കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ ഞങ്ങളുടെ ഉത്ഥാനത്തിന് അച്ചാരമായി ഭവിക്കട്ടെ. മനുഷ്യവംശത്തെ മഹത്ത്വമണിയിച്ച അങ്ങയെ, സ്വർഗരാജ്യത്തിൽ സകല നീതിമാന്മാരോടുംകൂടെ സ്തുതിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

**കാർമി.** മനുഷ്യവംശത്തിന്റെ പ്രത്യാശയായ മിശിഹായേ, ഈ കുർബാനവഴി ഉത്ഥാനത്തിന്റെ രഹസ്യത്തിൽ നീ ഞങ്ങളെ പങ്കുകാരാക്കി. തിരുരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ ഞങ്ങൾ നിന്റെ അനന്തകാരുണ്യത്തിന് എന്നും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയൈ ... / കർത്താവാം മിശിഹാവഴിയായ് ...)

**കാർമി.** കർത്താവാം മിശിഹാവഴിയായ്
ദിവ്യാത്മാവിൻ ദാനങ്ങൾ
സ്നേഹപിതാവാം സകലേശൻ
വിരവൊടു നമ്മിൽ വർഷിച്ചു.

സ്വർല്ലോകത്തിൻ മഹിമയ്ക്കായ്
ദൈവം നമ്മെ വിളിച്ചല്ലോ
അക്ഷയസൗഭഗമാർന്നീടാൻ
ദൈവം നമ്മെ നയിച്ചല്ലോ.

എന്റെ ശരീരം ഭക്ഷിക്കും
എൻ രക്തം പാനം ചെയ്യും
മാനവനെന്നിൽ നിവസിക്കും
അവനിൽ ഞാനും, നിശ്ചയമായ്.

വിധിയിൽ വീഴാതവനെ ഞാൻ
അന്തിമദിവസമുയിർപ്പിക്കും
നിത്യായുസ്സവനേകും ഞാൻ
ഏവം നാഥനരുൾ ചെയ്തു.

ഉത്ഥാനത്താൽ മാനവരിൽ
മോദമുണർത്തിയ തിരുനാഥൻ
തൻ പ്രിയവധുവാം തിരുസഭയിൽ
വാഴ്ത്തപ്പെട്ടവനാകട്ടെ.

ഉത്ഥിതനീശോമിശിഹാതൻ
ശാശ്വതമായ സമാധാനം
സഭയിലുമവൾതൻ തനയരിലും
നിതരാം ശാന്തി വിതയ്ക്കട്ടെ.

വിശ്വാസത്തിൽ, സ്നേഹത്തിൽ
ഉത്ഥാനത്തിൻ സാക്ഷികളായ്
ധരയിതിലെങ്ങും പ്രഭ വീശാൻ
നാഥൻ തൻ കൃപ ചൊരിയട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ.** ആമ്മേൻ.

(അല്ലെങ്കിൽ)

**കാർമ്മി.** പിതാവായ ദൈവം, നമ്മുടെ കർത്താവീശോമിശിഹാവഴി എല്ലാ ആധ്യാത്മികദാനങ്ങളും നല്കി നമ്മെ അനുഗ്രഹിച്ചു. നമ്മുടെ കർത്താവു തന്റെ രാജ്യത്തിലേക്കു നമ്മെ ക്ഷണിക്കുകയും അക്ഷയവും അനശ്വരവുമായ സൗഭാഗ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്തു. അവിടന്നു തന്റെ ജീവദായകമായ സുവിശേഷംവഴി ശിഷ്യഗണത്തോട് ഇപ്രകാരം അരുൾചെയ്തു: 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. അവനു ശിക്ഷാവിധി ഉണ്ടാകുകയില്ല. പ്രത്യുത, അവൻ മരണത്തിൽ നിന്ന് നിത്യായുസ്സിലേക്കു പ്രവേശിക്കും.' ഉത്ഥാനത്തിലൂടെ മനുഷ്യവംശത്തെ മുഴുവൻ ആനന്ദിപ്പിച്ച മിശിഹാ സഭയിൽ എന്നും വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടന്നു സാത്താനെയും മരണത്തെയും പരാജയപ്പെടുത്തുകയും പാപകടങ്ങളിൽനിന്നു നമ്മെ മോചിക്കുകയും ചെയ്തു. ഉത്ഥിതനായ മിശിഹായുടെ സമാധാനം നമ്മിൽ എന്നും വസിക്കട്ടെ. വിശ്വാസത്തിലും സ്നേഹത്തിലും വളരാനും ഉത്ഥാനരഹസ്യം എല്ലാവരോടും പ്രഘോഷിക്കാനും അവിടന്നു നമ്മെ അനുഗ്രഹിക്കട്ടെ. ജീവദായകമായ ദിവ്യരഹസ്യങ്ങളാൽ സന്തുഷ്ടരാക്കപ്പെട്ട നിങ്ങളെ അവിടന്നു നിത്യമഹത്ത്വത്തിലേക്കു പ്രവേശിപ്പിക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.